# 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2124** | **09-12-2022 - ൽ മറുപടിയ്ക്ക്**

### വൈപ്പിൻകരയിൽ നിന്നും സ്വകാര്യ ബസുകളുടെ എറണാകുളം നഗരത്തിലേക്കുള്ള പ്രവേശം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻകരയിൽനിന്നുള്ള സ്വകാര്യ ബസുകളുടെ എറണാകുളം നഗരപ്രവേശനം സംബന്ധിച്ച് 12.7.2022ൽ ചേർന്ന യോഗ തീരുമാനപ്രകാരമുള്ള സമഗ്ര റിപ്പോർട്ട് സമർപ്പിക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ; | (എ) | വൈപ്പിൻകരയിൽനിന്നുള്ള സ്വകാര്യ ബസുകളുടെ എറണാകുളം നഗരപ്രവേശനം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഗതാഗത കമ്മീഷണർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. സമഗ്രമായ പഠനം ആവശ്യമായി വന്നതിനാലാണ് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുവാൻ കാലതാമസം ഉണ്ടായിട്ടുള്ളത് എന്ന് ട്രാൻസ്പോർട്ട് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) | ഇതു സംബന്ധിച്ച് 11/10/2022-ന് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ഗതാഗത (ബി) വകുപ്പിൽ നിന്നും ബി1/134/2022 നമ്പർ കത്ത് പ്രകാരം ഗതാഗത കമ്മീഷണർക്ക് പ്രസ്തുത റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നൽകിയ ഓർമ്മക്കുറിപ്പിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (ബി) | വൈപ്പിൻകരയിൽനിന്നുള്ള സ്വകാര്യ ബസുകളുടെ എറണാകുളം നഗരപ്രവേശനം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഗതാഗത കമ്മീഷണർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. സമഗ്രമായ പഠനം ആവശ്യമായി വന്നതിനാലാണ് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുവാൻ കാലതാമസം ഉണ്ടായിട്ടുള്ളത് എന്ന് ട്രാൻസ്പോർട്ട് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്. |
| (സി) | നഗരപ്രവേശനം സാധ്യമാക്കുന്നതിനായി പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കാമോ? | (സി) | 1988-ലെ മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 102 പ്രകാരം നിലവിലുള്ള സ്കീം പരിഷ്കരിക്കാനുള്ള കരട് വിജ്ഞാപനം തയ്യാറാക്കി പ്രസിദ്ധീകരിച്ചതിനുശേഷം ബന്ധപ്പെട്ട തല്പര കക്ഷികളുടെ അഭിപ്രായങ്ങളും/ നിർദ്ദേശങ്ങളും നേരിൽ കേട്ട് അവ ക്രോഡീകരിച്ച് വിലയിരുത്തി അന്തിമമായി പരിഷ്കരിച്ച്, ഒരു സ്കീം പ്രസിദ്ധീകരിക്കേണ്ടതുണ്ട്. പരിഷ്കരിച്ച സ്കീം പ്രകാരം അപേക്ഷകൾ സ്വീകരിച്ച് എറണാകുളം ആർ.ടി.എ. ബോർഡ് നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ